# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 ഒക്ടോബർ 10, വെള്ളി

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

**ഗുണ്ടാ-ലഹരി മാഫിയ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി**

*301 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലും ഗ്രാമീണ മേഖലകളിലും ഗുണ്ടാ-ലഹരി മാഫിയ സംഘങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് മനസ്സിലാക്കുന്നതിൽ പോലീസ് ഇന്റലിജൻസ് വിഭാഗത്തിന് വീഴ്ച ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിന് നടപടി**

*302 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആക്രമണകാരികളായ തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തെരുവ് നായ കുറുകെ ചാടിയതിനാൽ ഓട്ടോറിക്ഷ മറിഞ്ഞുണ്ടായ അപകടത്തിൽ ആറാം ക്ലാസുകാരിയായ വിദ്യാർത്ഥിനി മരിച്ച സംഭവം ഉൾപ്പെടെയുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) തെരുവുനായ്ക്കളുടെ വന്ധ്യംകരണ പദ്ധതി തെരുവുനായ നിയന്ത്രണത്തിന് പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; പര്യാപ്തമല്ലെങ്കിൽ കൂടുതൽ ഫലപ്രദമായ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## കുടുംബശ്രീയുടെ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ

*303 **ശ്രീ എം നൗഷാദ്**
**ശ്രീ വി ജോയി**
**ശ്രീമതി യു പ്രതിഭ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരള ചിക്കന്റെ ഉല്പാദനവും വിതരണവും കൂടുതൽ വിപുലീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ;

(സി) കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾ മുഖേന എത്ര ഔട്ട്‌ലെറ്റുകൾ ഇതിനകം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) കുടുംബശ്രീയുടെ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി സ്വന്തമായി ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) കേരള ചിക്കൻ ബ്രാൻഡിൽ എന്തെല്ലാം ഉല്പന്നങ്ങളാണ് വിപണിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്; കേരള ചിക്കന്റെ ഉല്പാദന-വിപണന സംവിധാനം വ്യാപകമാക്കാനും അതുവഴി കുടുംബശ്രീ അംഗങ്ങൾക്ക് അധിക വരുമാനവും തൊഴിലും ഉറപ്പാക്കാനും കഴിയുന്ന തരത്തിൽ പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്കുള്ള മാർഗരേഖ

*304 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണത്തിന് തുടർച്ചയായി പ്രാദേശിക സാമ്പത്തിക വികസനത്തിലൂന്നിയുള്ള പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാനുള്ള സുപ്രധാന ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; ജനങ്ങളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന നിരവധി പരിപാടികൾ ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കെ-ഡിസ്കിന്റെ കൂടി സഹായത്തോടെ സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിൽ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾക്ക് രൂപം നൽകുന്നതിനുള്ള മാർഗരേഖകൾ സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ടോ; സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം മാർഗരേഖ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിഹിതം സംയോജിതമായി ഉപയോഗിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ടോ; മാലിന്യമുക്ത കേരളം പോലെയുള്ള പ്രവർത്തനങ്ങളിൽ ഇത് ഏറെ സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ശബരിമല റെയിൽ പദ്ധതി</u>

*305 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അനുബന്ധ മലയോര മേഖലയുടെ വികസനത്തിനും ശബരിമല റെയിൽപാത അനിവാര്യമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശബരിമല റെയിൽപാതയുടെ സാക്ഷാത്ക്കാരത്തിനായി സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പദ്ധതിയുടെ ആദ്യ പ്രഖ്യാപനം ഉണ്ടായതെന്നാണെന്നും ആരാണ് പ്രഖ്യാപനം നടത്തിയതെന്നും അന്ന് പദ്ധതി ചെലവിനായി എത്ര തുക കണക്കാക്കിയിരുന്നെന്നും വ്യക്തമാക്കാമോ;

(ഡി) ശബരിമല റെയിൽപാതയുടെ അംഗീകാരം നേടുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും കാലതാമസം ഉണ്ടാകാനിടയായ സാഹചര്യം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിൽ പദ്ധതി ചെലവിനായി എത്ര തുക പ്രതീക്ഷിക്കുന്നുണ്ട്; തുക എങ്ങനെ കണ്ടെത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(എഫ്) ഇതിനാവശ്യമായ സ്ഥല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ഡിജിറ്റൽ കേരള ഇനിഷ്യേറ്റീവ് പദ്ധതി

*306 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ സേവനങ്ങളും പൗര കേന്ദ്രീകൃതമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാർ ഡിജിറ്റൽ കേരള ഇനിഷ്യേറ്റീവ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രാഥമിക പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും അവയുടെ തൽസമയ വിവരങ്ങൾ അറിയിക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) എത്ര മേഖലകളായി തിരിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അവ ഏതെല്ലാമാണ്; ഓരോ മേഖലയിലും എന്തെല്ലാം സേവനങ്ങളാണ് ഉറപ്പുവരുത്തുന്നത്; വിശദ വിവരം ലഭ്യമാക്കാമോ?

## കോവിഡ് ബാധിച്ചവരിൽ പ്രമേഹം വർദ്ധിക്കുന്നത് സംബന്ധിച്ച പഠനം

*307 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോക്ടർമാർ അടങ്ങുന്ന സംഘം നടത്തിയ പഠനത്തിൽ കോവിഡ് ബാധിച്ച് സുഖപ്പെടുന്നവരിൽ പ്രമേഹം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ശരീര ഭാഗങ്ങളെയാണ് കോവിഡ് വൈറസുകൾ ബാധിക്കുന്നതായി പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്; ഇത് ഏതൊക്കെ രോഗാവസ്ഥയ്ക്കും സങ്കീർണതകൾക്കും കാരണമാകുമെന്നാണ് പ്രസ്തുത പഠനത്തിൽ കണ്ടെത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇവ പരിഹരിക്കുന്നതിനായി പ്രസ്തുത പഠനത്തിൽ എന്തെങ്കിലും നിർദേശങ്ങൾ മുന്നോട്ടു വെച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി അടിയന്തരമായി ഒരു ആധികാരിക പഠനം നടത്തി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## എച്ച്1. ബി. വിസയുടെ ഫീസ് വർദ്ധനവ്

*308 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്ക എച്ച്1. ബി. വിസയുടെ ഫീസ് വർദ്ധിപ്പിച്ചത് സംസ്ഥാനത്തിലെ ഐ. ടി. മേഖലയെ എപ്രകാരം ബാധിക്കുമെന്ന് പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എച്ച് 1. ബി. വിസ ഫീസ് വർദ്ധന ഐ. ടി. രംഗത്ത് ഉണ്ടാക്കുന്ന ആഘാതങ്ങൾ ലഘൂകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

## കൊച്ചി വാട്ടർ മെട്രോ പദ്ധതി

*309 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളിൽ പരിസ്ഥിതി സൗഹൃദവും മികച്ച യാത്രാനുഭവം പ്രദാനം ചെയ്യുന്നതുമായ കൊച്ചി വാട്ടർ മെട്രോ പദ്ധതി വേറിട്ടതും അഭിമാന പദ്ധതികളിൽ ഒന്നുമായും വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കൂടുതൽ സ്വീകാര്യതയും വാർത്താപ്രാധാന്യവും ലഭിച്ചതോടെ രാജ്യത്തിന്റെ വിവിധ ഭാഗത്തുനിന്നും കൊച്ചി വാട്ടർ മെട്രോ മാതൃക പിൻതുടരുന്നതിനായി ഔദ്യോഗിക സന്ദർശകർ എത്താറുണ്ടോ; വിശദമാക്കാമോ;

(സി) പൂർണ്ണമായും പരിസ്ഥിതി സൗഹൃദ മാതൃകയിൽ സജ്ജീകരിച്ചിട്ടുള്ള കൊച്ചി വാട്ടർ മെട്രോ മാതൃകയിൽ ആധുനിക പൊതു ജലഗതാഗത സർവീസുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരും വിവിധ സംസ്ഥാന സർക്കാരുകളും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) നിലവിൽ കൊച്ചി വാട്ടർ മെട്രോ മുഖേന നടന്നുവരുന്ന സർവീസുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തെ അനുയോജ്യമായ മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊച്ചി വാട്ടർ മെട്രോ മാതൃകയിൽ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## റേഷൻ വിതരണത്തിൽ പോർട്ടബിലിറ്റി സംവിധാനം

*310 **ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം വഴി ഭക്ഷ്യധാന്യ വിതരണ നടപടികൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇഷ്ടമുള്ള റേഷൻകടയിൽനിന്ന് ഭക്ഷ്യധാന്യം വാങ്ങാനുള്ള പോർട്ടബിലിറ്റി സംവിധാനം പൊതുജനങ്ങൾ വലിയ തോതിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) പോർട്ടബിലിറ്റി സംവിധാനം വന്നതോടെ റേഷൻ വ്യാപാരികളുടെ പ്രവർത്തനം മത്സരാധിഷ്ഠിതമായി മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

## ത്രിതല പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ചികിത്സാനിധി

*311 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജന സേവനം, വിദ്യാർത്ഥികളുടെ സുരക്ഷ, തെരുവുനായ നിയന്ത്രണം, മയക്കുമരുന്നു മാഫിയകൾക്ക് എതിരായ ശക്തമായ ബോധവത്ക്കരണം, പാലിയേറ്റീവ് കെയർ, താൽക്കാലിക ജോലിക്ക് ആളുകളെ ലഭ്യമാക്കൽ എന്നിങ്ങനെ സാമൂഹിക ജീവിതത്തെ ബാധിക്കുന്ന വിഷയങ്ങളിൽ ഇടപെടലുകൾ നടത്തുന്ന ചുമതല ത്രിതല പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മാരക രോഗം ബാധിക്കുന്ന സാധാരണക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ചികിത്സാനിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ആയുഷ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

*312 **ശ്രീ. എ. പ്രഭാകരൻ**
**ഡോ. കെ. ടി. ജലീൽ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആയുഷ് വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ആയുഷ് ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ആയുർവേദ ചികിത്സാ സാധ്യതകൾ ഉൾപ്പെടുത്തി വന്ധ്യതാ ക്ലിനിക്കും നേത്ര ചികിത്സാ ക്ലിനിക്കും വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഡിസ്പെൻസറികളിൽ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പടുത്തി ആയൂർ കർമ്മ എന്ന ചികിത്സയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ സഹകരണ, ടൂറിസം മേഖലകളുമായി ചേർന്ന് ആയുർവേദ ചികിത്സാ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നത് സഹകരണ, വിനോദ സഞ്ചാര, ആരോഗ്യ മേഖലകൾക്ക് ഗുണകരമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആയുർവേദ ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഉപദേശ-നിർദേശങ്ങളും പ്രോത്സാഹനവും നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## ട്രോമകെയർ സെന്ററുകളുടെ പ്രവർത്തനം

*313 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കുന്നതിൽ കേരളം ബഹുദൂരം മുന്നിലാണെന്ന കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ദ്രുത പ്രതികരണവും വിപുലമായ ആശുപത്രി ശൃംഖലയുമാണ് അപകടത്തിൽപ്പെട്ടവരുടെ വിലപ്പെട്ട ജീവനുകൾ രക്ഷിക്കാൻ സഹായകരമാകുന്നതെന്ന് വിദഗ്ധസംഘം അഭിപ്രായപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അപകട മരണസംഖ്യ കുറയ്ക്കുന്നതിൽ സംസ്ഥാനത്തെ ട്രോമകെയർ സെന്ററുകൾ വഹിക്കുന്ന പങ്ക് പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കൂടുതൽ ട്രോമകെയർ സെന്ററുകൾ ആരംഭിക്കുന്നതിനും അവയെ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് മെട്രോ റെയിൽ പദ്ധതി

*314 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനായി മെട്രോ റെയിൽ പദ്ധതി അനിവാര്യമാണെന്ന ആവശ്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) നഗര ഹൃദയത്തിലൂടെ വിമാനത്താവളം വഴി മെഡിക്കൽ കോളേജ് വരെയുള്ള ഭാഗം മെട്രോ റെയിൽ മാർഗ്ഗം ബന്ധിപ്പിക്കുന്ന ഒരു ഇടനാഴിയാണോ പ്രസ്തുത പദ്ധതി

പ്രകാരം ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് സിറ്റി മാസ്റ്റർപ്ലാൻ, സമഗ്ര മൊബിലിറ്റി പ്ലാൻ എന്നിവയുമായി ഏകോപിപ്പിച്ചുവേണം നിർദ്ദിഷ്ട മെട്രോ റെയിൽ പദ്ധതി നടപ്പാക്കേണ്ടതെന്ന നിർദേശം ഉയർന്നു വന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## <u>അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് വിജിലൻസ് സംവിധാനം</u>

*315 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത അനുമതിയില്ലാതെ പണിതതും ഔദ്യോഗികമായി നമ്പർ ലഭിക്കാത്തതും അതിലൂടെ നികുതി വരുമാനം നഷ്ടപ്പെടുത്തുന്നതുമായ കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രദേശങ്ങളിലെ കെട്ടിടങ്ങൾ സംബന്ധിച്ച ഡാറ്റാ കൃത്യമാക്കുന്നതിന് നേരിട്ടുള്ള പരിശോധനകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) അനധികൃത നിർമ്മാണം തടയുന്നതിന് ചീഫ് ടൗൺ പ്ലാനറുടെ കീഴിലുള്ള വിജിലൻസ് സംവിധാനമുണ്ടെങ്കിലും സംസ്ഥാനത്ത് മുഴുവൻ നേരിട്ട് പരിശോധന നടത്തുന്നതിന് പ്രസ്തുത സംവിധാനത്തിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ അനധികൃത നിർമ്മാണങ്ങൾ അറിയിക്കുന്നതിന് പൊതുജനങ്ങൾക്കായി ഒരു ടോൾ ഫ്രീ കോളിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>മെഡിക്കൽ കോളേജുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടെ കുടിശികത്തുക</u>

*316 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയകൾക്കായി വിതരണം ചെയ്ത ഉപകരണങ്ങളുടെ കുടിശികത്തുക നൽകാത്തപക്ഷം വിതരണം ചെയ്ത സ്റ്റോക്ക് തിരിച്ചെടുക്കുമെന്ന് വിതരണക്കാർ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെ ഇത് പ്രതികൂലമായി ബാധിക്കാതിരിക്കാൻ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി</u>

*317 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. എം. എം. മണി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെയുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) പാലിയേറ്റീവ് ഹോം കെയർ നഴ്സുമാരായി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവർക്കായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കോഴ്സുകൾ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ സമ്പൂർണ്ണ സാന്ത്വന പരിചരണ സൗഹൃദ സംസ്ഥാനമായി മാറ്റാൻ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ഡി) മുഖ്യമന്ത്രി ലോഞ്ച് ചെയ്ത കേരള കെയർ എന്ന സാന്ത്വന പരിചരണ ഗ്രിഡ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകളുടെ രജിസ്ട്രേഷൻ സംസ്ഥാനതലത്തിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>ശിശുക്ഷേമ സമിതി വഴിയുള്ള ദത്തെടുക്കൽ</u>

*318 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി പ്രത്യേക വകുപ്പ് രൂപീകരിച്ചതിനെ തുടർന്ന് ഈ മേഖലയിൽ എന്തെല്ലാം പുരോഗതിയാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് വിവിധ ശിശുക്ഷേമ സമിതികൾ മുഖാന്തിരം എത്ര കുട്ടികളെ സനാഥരാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ആയതിന്റെ വിശദാംശവും ലഭ്യമാക്കുമോ;

(സി) ഇതിൽ പ്രത്യേകശേഷി വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികളെയാണ് ദത്തെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ ശിശുക്ഷേമ സമിതി വഴിയുള്ള ദത്തെടുക്കൽ നടപടികൾ കൂടുതൽ സുരക്ഷിതവും സുതാര്യവും വ്യാപകവും ആക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

## <u>ജൈവ മാലിന്യ സംസ്കരണത്തിനായി ബ്ലാക്ക് സോൾജിയർ ഫ്ലൈ ലാർവ</u>

*319 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ജൈവമാലിന്യ പ്രശ്നം പരിഹരിക്കാൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ജൈവ മാലിന്യ സംസ്കരണത്തിനായി ബ്ലാക്ക് സോൾജിയർ ഫ്ലൈ ലാർവകളെ ഉപയോഗപ്പെടുത്തിയുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി</u>

*320 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആലോചനായോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അത്യാധുനിക പൊതുഗതാഗത സൗകര്യങ്ങളുള്ള നാടായി തലസ്ഥാനത്തെ മാറ്റിത്തീർക്കുന്നതിന് ഈ സർക്കാർ ആസൂത്രണം ചെയ്തുവരുന്ന പദ്ധതികളിൽ ഒന്നായി തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയെ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ റൂട്ടുകൾ സംബന്ധിച്ച് വിവിധ അഭിപ്രായങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ ഏറ്റവും മെച്ചപ്പെട്ടതും കൂടുതൽ യാത്രക്കാർക്ക് പ്രയോജനപ്രദവും പദ്ധതി ലാഭകരവുമാകുന്ന തരത്തിൽ

നടപ്പിലാക്കുന്നതിനായി പഠനം നടത്തി പ്രായോഗികമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**തദ്ദേശസ്ഥാപനങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി**

*321 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച് ദിശ (ഡെവലപ്മെന്റ് കോർഡിനേഷൻ ആന്റ് മോണിറ്ററിംഗ്) നടത്തിയ അവലോകന യോഗത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ കേരളം രാജ്യത്ത് മുൻനിരയിലാണെന്ന് യോഗത്തിൽ പങ്കെടുത്ത കേന്ദ്ര സർക്കാർ പ്രതിനിധി അഭിപ്രായപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതിയുടെ നടത്തിപ്പിന്റെ അടിസ്ഥാനത്തിലാണ് ഇതെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേന്ദ്ര സർക്കാർ നടത്തുന്ന ഇടപെടലുകൾ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നുവെന്ന അഭിപ്രായം യോഗത്തിൽ ഉയർന്നു വന്നിരുന്നോ; വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് എം. പി. മാരടക്കം കേന്ദ്ര മന്ത്രിമാരെ കാണുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി**

*322 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ നൽകേണ്ട തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാത്തതുകൊണ്ടാണോ പ്രസ്തുത സ്ഥാപനങ്ങളുടെ പദ്ധതികൾ മന്ദഗതിയിലായതെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗങ്ങളുടെ മസ്റ്ററിംഗ്**

*323 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിഹിതം ആറുമാസത്തിലൊരിക്കൽ വാങ്ങാത്തവരുടെ റേഷൻ കാർഡുകൾ മരവിപ്പിക്കാൻ കേന്ദ്ര നിർദേശമുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദേശം സംസ്ഥാനത്തിനെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗങ്ങളുടെ മസ്റ്ററിംഗ് നടത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി</u>

*324 **ശ്രീമതി കെ. കെ. രമ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരിച്ചു വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക പ്രഖ്യാപിച്ച എൻ. ഡി. പ്രേം (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്) പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; പദ്ധതി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## <u>വൺഹെൽത്ത് പദ്ധതി</u>

*325 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം മിഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മനുഷ്യാരോഗ്യത്തോടൊപ്പം മൃഗങ്ങളുടെയും പക്ഷികളുടെയും ആരോഗ്യം ഉറപ്പാക്കി പകർച്ചവ്യാധി പ്രതിരോധത്തിനായി ഏകാരോഗ്യം അഥവാ വൺഹെൽത്ത് എന്ന പേരിൽ നടത്തുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ആർദ്രം മിഷന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളിലെ പ്രധാന പദ്ധതിയായി ഇത് ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിപ, എംപോക്സ്, അമീബിക് മസ്തിഷ്കജ്വരം എന്നിവയുടെ പ്രതിരോധ പ്രവർത്തനങ്ങൾക്കും ഏകാരോഗ്യ സംവിധാനം പ്രയോജനപ്രദമാണോ; എങ്കിൽ ഈ മേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## <u>മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി</u>

*326 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ സംസ്കരിക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>ഭക്ഷണ ഗുണനിലവാരവും ശുചിത്വവും ഉറപ്പു വരുത്താൻ നടപടി</u>

*327 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ട് കടകളിലെ ഭക്ഷണ ഗുണനിലവാരവും ശുചിത്വവും ഉറപ്പു വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദദമാക്കാമോ;

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആധുനിക ഫുഡ് സ്ട്രീറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് അറിയിക്കാമോ;

(സി) ഈ സംവിധാനത്തിൽ മറ്റു വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>അമീബിക്ക് മസ്തിഷ്കജ്വരത്തിന്റെ വകഭേദങ്ങൾ</u>

*328 **ശ്രീമതി ഉമ തോമസ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കണ്ടുവരുന്ന അമീബിക്ക് മസ്തിഷ്കജ്വരത്തിന് കാരണമായ അമീബയുടെ വകഭേദങ്ങൾ മൈക്രോബയോളജി ലാബിൽ കണ്ടെത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ അമീബ വകഭേദങ്ങൾ കണ്ടെത്താൻ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മാലിന്യ നിർമ്മാർജന പ്ലാന്റുകൾ</u>**

*329 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വലുതും ചെറുതുമായി എത്ര മാലിന്യ നിർമ്മാർജന പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ; പ്രതിദിനം എത്ര ടൺ ജൈവ, അജൈവ മാലിന്യങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇത്രയും മാലിന്യം ശേഖരിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(സി) മാലിന്യ ശേഖരണ സംവിധാനത്തിൽ എന്തൊക്കെ പോരായ്മകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പര്യാപ്തമല്ലെന്ന് കണ്ടെത്തുന്ന പക്ഷം അടിയന്തരമായി പരിഹാരനടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>എ. ബി. സി. പ്രോഗ്രാം കാര്യക്ഷമമാക്കാൻ നടപടി</u>**

*330 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ ശല്യം പരിഹരിക്കുന്നതിനായി നടപ്പാക്കുന്ന എ. ബി. സി. പ്രോഗ്രാം നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 ഒക്ടോബർ 1, ബുധൻ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ
സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം
വൈകുന്നേരം 5 മണിക്ക് മുമ്പായി
ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].